**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് പ്രത്യേക ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. മാറുന്ന ലോകക്രമത്തിനനുസരിച്ച് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിലും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും ഓഫ്ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പര പൂരകമായി ഏകോപിപ്പിച്ച് ഡിജിറ്റൽ വിദ്യാഭ്യാസത്തിലേക്ക് മാറുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം ആയ മൂഡിൽ സംവിധാനം പ്രത്യേക പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കൂടാതെ, ലെറ്റ്സ് ഗോ ഡിജിറ്റൽ എന്ന പദ്ധതി (ഡിജികോൾ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ കോളേജുകളിലെയും അധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. ഇതിനോടകം ഇത്തരത്തിൽ 5000-ത്തിൽപരം അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു .<br><br>ഡിജിറ്റൽ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നു.<br><br>K-REAP (കേരള റിസോഴ്സ് ഫോർ എഡ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആന്റ് പ്ലാനിങ്) എന്ന പദ്ധതിയും ഇത്തരത്തിൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാങ്കേതികമായ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തിലൂടെ നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിച്ചിട്ടുള്ളവയാണ്. അതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ പഠനപ്രവർത്തനങ്ങളെ പൊതുവായ ഒരു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (എ)-യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; പദ്ധതി എത്രത്തോളം പ്രാവർത്തികമായിട്ടുണ്ട്; വിശദാംശം നൽകാമോ; | (സി) | പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഡ്മിനിസ്ട്രേറ്റർമാർക്കും ഉണ്ടാകുന്ന പ്രധാന നേട്ടങ്ങൾ ഇവയാണ്.<br><br>**1.**കോഴ്സുകളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിനും അതിന്റെ അധ്യാപനവും മൂല്യനിർണയവും ഉൾപ്പെടെ ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോം ലഭ്യമാകുന്നു.<br><br>**2.**വിദ്യാർത്ഥികൾക്ക് എപ്പോൾ വേണമെങ്കിലും എവിടെയും കോഴ്സ് മെറ്റീരിയലുകളും അത് സംബന്ധിച്ചുള്ള അധ്യാപന പ്രക്രിയയിലും ഇടപെടാനും ആക്സസ് ചെയ്യാൻ കഴിയും, Hybrid learning, virtual classroom, flipped classroom എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പഠന ശൈലികൾ നടപ്പിലാക്കുവാനും കഴിയും.<br><br>**3.**പരീക്ഷകളും മൂല്യനിർണയവും കൂടുതൽ ഫലപ്രദമായി സമയബന്ധിതമായും ചെയ്യാൻ കഴിയും. ഇതുകൂടാതെ കുട്ടികളുടെ learning progress കൃത്യമായി വിലയിരുത്താനും ഇതുവഴി സാധിക്കും. ഇതുപോലുള്ള നിരവധി ഗുണകരമായ നേട്ടങ്ങൾ എൽ.എം.എസ്. നടപ്പിലാക്കുന്നത് വഴി സാധിക്കും. |
| (ഡി) | ഓൺലൈൻ അദ്ധ്യാപന ശൈലിയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നിരവധി ട്രെയിനിങ് പ്രോഗ്രാമുകൾ നടന്നുവരുന്നു. ഇതിനോടകം അയ്യായിരത്തിൽപരം അധ്യാപകർക്കും നൂറിൽപരം കോളേജുകൾക്കും എല്ലാം മൂഡിൽ അധിഷ്ഠിതമായ പരിശീലന പരിപാടി നടന്നു കഴിഞ്ഞു. 2021 മുതൽ ഇത്തരത്തിലുള്ള പരിശീലനപരിപാടികൾ നടത്തിവരികയാണ്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലേർണിംഗ് മാനേജ്മെൻറ് സിസ്റ്റം "MOODLE" LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ/സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകളിലെ അധ്യാപകർക്കും പരിശീലനങ്ങൾ നടത്തുകയും ഇതു നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള തുടർ നിരീക്ഷണ യോഗങ്ങൾ നടന്നുവരികയും ചെയ്യുന്നു. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന |

| | | | |
|---|---|---|---|
| | | | അധ്യാപകർക്കുള്ള "Induction Training Program" -ലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സർവകലാശാലയുടെ ഓൺലൈൻ ഡെപോസിറ്ററായ KU-Padasala-യിൽ പഠന വീഡിയോകളുടെ അതിവിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. സർവകലാശാല ലൈബ്രറിയിലും വിവിധ പഠന വകുപ്പുകളിലെ ലൈബ്രറികളിലും ഡിജിറ്റൽ അക്കാഡമിക് മെറ്റീരിയലുകളുടെ വലിയ ശേഖരം വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്. |
| (ഇ) | പഠന സാമഗ്രികൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം അവ തെരഞ്ഞെടുക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | പഠനസാമഗ്രികൾ ഓൺലൈൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പോർട്ടലിൽ സജ്ജീകരണം ഒരുക്കിയിട്ടുണ്ട്. ഇതിലേക്കായി അധ്യാപകർ പല വിഷയങ്ങളിലായി തയ്യാറാക്കിയിട്ടുള്ള പാഠഭാഗങ്ങൾ (വീഡിയോ, ഓഡിയോ, പിപിറ്റി) ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പല അധ്യാപകരുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും യൂട്യൂബ് ലിങ്കും അതുവഴി വിദ്യാർത്ഥികൾക്ക് പാഠ്യഭാഗങ്ങൾ യഥേഷ്ടം ലഭിക്കുന്നതിനുള്ള സാഹചര്യവും ഒരുക്കിയിട്ടുണ്ട്. വിവിധ അക്കാദമിക് പ്രോഗ്രാമുകളുടെ ഭാഗമായുള്ള 3000-ത്തിൽപരം പാഠ്യഭാഗങ്ങൾ ഇതിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ അധ്യാപകർ പഠനോപകരങ്ങൾ "youtube video, PPT, P&S, MOODLE വഴിയും ഡിജിറ്റൽ മാധ്യമങ്ങളിലൂടെയും വിദ്യാർഥികളിലേക്ക് എത്തിക്കുന്നു. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ Open Source learning Management System MOODLE നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലന പരിപാടികളും നൽകുന്നുണ്ട്. ഡിജിറ്റൽ ലൈബ്രറി, ഇ-ബുക്ക്, ഇ-ജേർണൽ എന്നീ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നു. Multipurpose Classroom Grid, Broadcasting Equipments, Web Portal Content Management എന്നിവ കൂടിചേർന്ന് ലക്ഷ്യമിടുന്ന പദ്ധതിയിലൂടെ വിദ്യാർഥികൾക്ക് അവരിഷ്ടപ്പെടുന്ന ഇലക്ടീവ് കോഴ്സും ക്ലാസ്സുകളും അവരുടെ കോളേജിന്റെ പരിമിതികൾക്കതീതമായി പഠിക്കുവാനും അവയിലൂടെ മറ്റേത് കോളേജിലെയും മികച്ച അദ്ധ്യാപകരുമായി സംവദിക്കാനുമുള്ള അവസരം എല്ലാ കോളേജിലെയും വിദ്യാർഥികൾക്ക് ഒരുപോലെ ലഭിക്കുന്ന പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് . |

| | | | |
|---|---|---|---|
| | | | കേരള സർവകലാശാലയുടെ ഓൺലൈൻ ഡെപോസിറ്ററിയായ KU – Padasala-യിൽ പഠന വീഡിയോകളുടെ അതിവിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ട്. സർവകലാശാല ലൈബ്രറിയിലും വിവിധ പഠന വകുപ്പുകളിലെ ലൈബ്രറികളിലും ഡിജിറ്റൽ അക്കാഡമിക് മെറ്റീരിയലുകളുടെ വലിയ ശേഖരം വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ